(സി) ഈ കാലയളവിൽ ഐ.ആർ.ഡി.പി.ക്ക് കേന്ദ്രത്തിൽ നിന്നും 2822.94 ലക്ഷം രൂപ ലഭിച്ചു.

(ഡി) മുഴുവൻ തുകയും ചെലവഴിച്ചു.

(ഇ) തുകയൊന്നും ലാപ്സായിട്ടില്ല.

ഐ.ആർ.ഡി.പി. ഉൽപ്പന്നങ്ങൾക്ക് ന്യായവില

1076. [1597] ശ്രീമതി.കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ആർ.ഡി.പി. ഉൽപ്പന്നങ്ങളുടെ ന്യായവില ഉറപ്പുവരുത്താൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്താണെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഐ.ആർ.ഡി.പി. ഗുണഭോക്താക്കളുടെ ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യം ഉണ്ടാക്കുക, ഗുണഭോക്താക്കൾക്ക് അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുക മുതലായ ഉദ്ദേശത്തോടെ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ കേരളാ റൂറൽ ഡെവലപ്പ്മെൻറ് മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിച്ചിട്ടുണ്ട്.

റൂറൽ ഡവലപ്പ്മെൻറ് മാർക്കറ്റിംഗ് സൊസൈറ്റി വിറ്റഴിച്ച ഉൽപ്പന്നങ്ങൾ

1077. [1598] ശ്രീ.എം. വി. രാഘവൻ :

,, സി.വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ആർ.ഡി.പി.വിൽപ്പന മേളകൾവഴി റൂറൽ ഡവലപ്പ്മെൻറ് മാർക്കറ്റിംഗ് സൊസൈറ്റി എത്ര രൂപയുടെ ഉൽപ്പന്നങ്ങളാണ് വിറ്റഴിച്ചിട്ടുള്ളത് ;

(ബി) ഇതുമൂലം സർക്കാരിന് എത്ര തുക ലാഭം കിട്ടിയിട്ടുണ്ട് ;

(സി) ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 12,66,998 രൂപയ്ക്ക്.

(ബി) ഇതുമൂലം സർക്കാരിന് ലാഭം ഉണ്ടായിട്ടില്ല.

(സി) ഉദിക്കുന്നില്ല.

ആലപ്പുഴ ജില്ലയിലെ ബാലവാടികൾ

1078. [1599] ശ്രീമതി കെ.ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ ആലപ്പുഴ ജില്ലയിൽ എത്ര ബാലവാടികൾ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly